പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ.6891 | 2.11.2011ൽ മറുപടിക്ക്

## നെൽവയലുകളും നീർത്തടങ്ങളും സംരക്ഷിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.കെ.വി.വിജയദാസ് : | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
|---|---|
| (എ) ഈ സർക്കാർ അധികാരമേറ്റശേഷം പാടശേഖരങ്ങളും നീർത്തടങ്ങളും മണ്ണിട്ട് നികത്തുന്നതിനുള്ള വ്യവസ്ഥകളിൽ ഇളവുകൾ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ; | (എ) ഈ സർക്കാർ അധികാരമേറ്റശേഷം പാടശേഖരങ്ങളും നീർത്തടങ്ങളും മണ്ണിട്ട് നികത്തുന്നതിനുള്ള വ്യവസ്ഥകളിൽ ഇളവുകളൊന്നും വരുത്തിയിട്ടില്ല. |
| (ബി) സർക്കാർ അധികാരമേറ്റശേഷം പാടശേഖരങ്ങളും നീർത്തടങ്ങളും മണ്ണിട്ട് നികത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാതികൾ ലഭിച്ചതും ശ്രദ്ധയിൽപ്പെട്ടതുമായ കേസുകളിൽ നെൽവയൽ-തണ്ണീർത്തട നിയമ പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) ഇപ്രകാരം നികത്തിയിട്ടുള്ളവർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (സി) അനധികൃതമായി നിലം നികത്തുന്നവർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്യുന്നുണ്ടെങ്കിലും ഡാറ്റാബാങ്ക് രൂപീകരണം പൂർത്തിയാവാത്തതിനാൽ ശിക്ഷാ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. വിചാരണയിൽ നിലം പൂർവ്വസ്ഥിതിയിലാക്കാമെന്ന് സ്ഥലമുടമ സമ്മതിയ്ക്കുന്ന കേസുകളിൽ പൂർവ്വസ്ഥിതിയിലാക്കിയോ എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അന്വേഷിച്ച് കൃഷി നടത്താവുന്നതാണെങ്കിൽ ആയത് ചെയ്യുവാൻ കൃഷി ആഫീസർക്ക് നിർദ്ദേശം നൽകി വരുന്നു. , വാഹനം പിടിച്ചെടുക്കുന്ന കേസുകളിൽ നിയമത്തിന്റെ സെക്ഷൻ 20 പ്രകാരം നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) നെൽവയലുകളും നീർത്തടങ്ങളും സംരക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ? | (ഡി) 2008-ലെ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഫലപ്രദമായി നടപ്പിലാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

Vijeen

സെക്ഷൻ ഓഫീസർ